


# Many kudos to Vidya students' performance in engineering aptitude test

That, among all private engineering colleges in Thrissur District, Vidya has the largest number of students who have passed the Engineering Aptitude Test recently conducted by Kerala Public Service Commission jointly with APJ Abdul Kalam Technological University has obtained wide attention in both print and electronic media. The test was attended by the 3rd and 4th year B Tech students of APJAKTU. As many as 182 students of Vidya passed the test and this made Vidya the self-financing engineering college in Thrissur District having the highest umber of students who had passed the test. APJAKTU has announced that the University will award 10 activity points to all students who have passed the test.

The video footage of the news relating to this achievement that appeared in CC TV and a few clippings of newspapers are

collected here for the benefit of the readers of these pages.

---

## News in CCTV

---

## Newspaper clippings



കാംബരൻ, കിഷോർ എന്നിവ ... കരിച്ചത്. ... എന്നിവർ സമീപം

### എൻജിനീയറിംഗ് അഭിരുചി ടെസ്റ്റ്: വിദ്യ എൻജിനീയറിംഗ് കോളേജിന് നേട്ടം

തൃശൂർ: എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ അഭിരുചി അളക്കാനായി കേരള പി.എസ്.സിയും ശാസ്ത്ര സാങ്കേതിക സർവകലാശാലയും സംയുക്തമായി നടത്തിയ അഭിരുചി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ മൂന്ന്, നാല് വർഷങ്ങളിലെ വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്. തൃശൂർ ജില്ലയിൽ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽ 306 വിദ്യാർത്ഥികൾ വിജയിച്ചപ്പോൾ കേച്ചേരി വിദ്യ അക്കാഡമി ഒഫ് സയൻസ് ആൻഡ് ടെക്നോളജി 182 വിദ്യാർത്ഥികളെ വിജയിപ്പിച്ച് ജില്ലയിലെ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ ഒന്നാമതെത്തി. പരീക്ഷ വിജയിച്ച എല്ലാവർക്കും പത്ത് ആക്ടിവിറ്റി പോയിന്റ് സർവകലാശാല നൽകും.

ജില്ലയിലെ വിവിധ എൻജിനീയറിംഗ് കോളേജുകളിൽ പാസായ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് തൃശൂർ 306, വിദ്യ അക്കാഡമി ഒഫ് സയൻസ് ആൻഡ് ടെക്നോളജി, തലക്കോട്ടുകര കേച്ചേരി 182, റോയൽ എൻജിനീയറിംഗ് കോളേജ് തൃശൂർ 136, ജ്യോതി എൻജിനീയറിംഗ് കോളേജ് ചെറുതുരുത്തി 127, നെഹ്റു കോളേജ് പാമ്പാടി 111, സഹൃദയ കോളേജ് ഒഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി കൊടകര 101, തേജസ് എൻജിനീയറിംഗ് കോളേജ് വെള്ളറക്കാട് 98, മെറ്റ്സ് എൻജിനീയറിംഗ് കോളേജ് മാള 61, നിർമല കോളേജ് ചാലക്കുടി 35, ക്രൈസ്റ്റ് കോളേജ് ഒഫ് എൻജിനീയറിംഗ് ഇരിങ്ങാലക്കുട 26, മലബാർ കോളേജ് ദേശമംഗലം 24, ഫോക്കസ് കോളേജ് പൂമല 24, യൂണിവേഴ്സൽ കോളേജ് വെള്ളാങ്കല്ലൂർ 22, ഐ.ഇ.എസ് കോളേജ് ചിറ്റിലപ്പിള്ളി 20, ശ്രീ എറണാകുളത്തപ്പൻ കോളേജ് മുപ്ലിയം, ആക്സിസ് കോളേജ് കോടാലി 12, ഹോളി ഗ്രേസ് മാള 11.

Scanned with CamScanner

Kerala Kaumudi 2 June 2019



### എൻജിനിയറിങ് അഭിരുചി പരീക്ഷ: ഗവ. എൻജിനിയറിങ് കോളേജ് മുന്നിൽ

**തൃശൂർ**

എൻജിനിയറിങ് വിദ്യാർഥികളുടെ അഭിരുചി അളക്കാനായി പിഎസ്സിയും കേരള ശാസ്ത്ര സാങ്കേതിക സർവകലാശാലയും സംയുക്തമായി നടത്തിയ അഭിരുചി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ മൂന്ന്, നാല് വർഷങ്ങളിലെ വിദ്യാർഥികളാണ് അഭിരുചി പരീക്ഷ എഴുതിയത്. ജില്ലയിൽ ഗവ. എൻജിനിയറിങ് കോളേജിൽ 306 വിദ്യാർഥികൾ വിജയിച്ചു. കേച്ചേരി വിദ്യ അക്കാദമി ഓഫ് സയൻസ് ആൻഡ് ടെക്നോളജി 182 വിദ്യാർഥികളെ വിജയിപ്പിച്ച് ജില്ലയിലെ സ്വാശ്രയ എൻജിനിയറിങ് കോളേജുകളിൽ ഒന്നാമതെത്തി. പരീക്ഷ വിജയിച്ച എല്ലാവർക്കും പത്ത് ആക്ടിവിറ്റി പോയിന്റ് സർവകലാശാല നൽകും.

Desabhimani 2 June 2019

# തൃശൂർ ഗവ. എൻജിനീയറിങ്, വിദ്യ കോളജുകൾക്ക് മികച്ച വിജയം

തൃശൂർ ● എൻജിനീയറിങ് വിദ്യാർഥികളുടെ അഭിരുചി മികവ് അറിയാൻപബ്ലിക്സർവീസ്കമ്മിഷനും (പിഎസ്സി) ശാസ്ത്ര-സാങ്കേതിക സർവകലാശാലയും ചേർന്നു നടത്തിയ പരീക്ഷയിൽ തൃശൂർ ഗവ.എൻജിനീയറിങ് കോളജിനും കേച്ചേരി വിദ്യ എൻജിനീയറിങ് കോളജിനും മികച്ച വിജയം. മൂന്നും നാലും വർഷങ്ങളിലെ വിദ്യാർഥികൾക്കായി നടത്തിയ പരീക്ഷയിൽ തൃശൂർ എൻജിനീയറിങ് കോളജിലെ 306 വിദ്യാർഥികളും വിദ്യ കോളജിലെ 182 വിദ്യാർഥികളും വിജയിച്ചു. സ്വാശ്രയ വിഭാഗം: വിദ്യ കോളജ് ജില്ലാതലത്തിൽ ഒന്നാമതെത്തി.

CamScanner

Malayala Manorama 2 June 2019